"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്.എസ്-ലെ എൽ.ജി ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ **01.06.2018** മുതലുള്ള നിയമന അംഗീകാരത്തിനായി വയസ്സിളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

**G.O.(Rt)No.510/2023/GEDN** തീയതി,തിരുവനന്തപുരം, **21-01-2023**

---

പരാമർശം:- 1. ശ്രീ.ടി.യു. ജോൺ, **F/o.** സിസ്റ്റർ ജിബി ജോൺ, തച്ചാറുകുഴിയിൽ, പന്നിയാങ്കര, പാലക്കാട് സമർപ്പിച്ച അപേക്ഷ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **18/12/2021** തീയതിയിലെ ഡിജിഇ/**6063/2020 - ET2** നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കോട്ടയം മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്.എസ്-ലെ എൽ.ജി ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ നിയമനാംഗീകാരത്തിനായി ടിയാളുടെ പിതാവ് ശ്രീ. ടി.യു.ജോൺ പരാമർശം **1** പ്രകാരം ഒരു അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

**2.** സിസ്റ്റർ ജിബി ജോൺ **2012** മുതൽ **2018** മാർച്ച് മാസം വരെ പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്‌ക്കൂളുകളിൽ എൽ.ജി. എഫ്.ടി ഹിന്ദി അധ്യാപികയായി താൽകാലികമായി ജോലി നോക്കുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് എന്നും **01.06.2018** ൽ പാലാ ഡി.ഇ.ഒ യുടെ കീഴിലുള്ള മരങ്ങാട്ടുപ്പള്ളി സെന്റ് തോമസ് ഹൈസ്‌ക്കൂളിൽ സ്ഥിരനിയമനം ലഭിച്ചപ്പോൾ **40** വയസ്സും **19** ദിവസവും പുർത്തിയായതിനാൽ നിയമനാംഗീകാരം ലഭിച്ചില്ല എന്നും **2018-19** മുതൽ തുടർച്ചയായി **5** വർഷം യാതൊരു വേതനവും

കൈപ്പറ്റാതെയാണ് പ്രസ്തുത സ്കൂളിൽ സേവനം അനുഷ്ഠിച്ചുവരുന്നതെന്നും മറ്റൊരു ജോലിക്ക് അപേക്ഷിക്കാനുള്ള വയസ് അധികരിച്ചിരി ക്കുന്നതിനാൽ പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നിയമനം അംഗീകരിക്കണമെന്നുമാണ് അപേക്ഷയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. 2012-13 അധ്യയന വർഷം മുതൽ പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ജോലി നോക്കി വരുന്ന സിസ്റ്റർ ജിബി ജോണിന് നിയമന അംഗീകാരം നൽകുന്നതിന് ടിയാൾക്ക് KERൽ നിഷ്കർഷിച്ചിട്ടുള്ള നിയമനത്തിനുള്ള പ്രായപരിധിയിൽ 19 ദിവസം അധികരിച്ചിരിക്കുന്നതായി കാണുന്നു. ടിയാരിയുടെ ജനനത്തീയതി 13.12.1977 ആണ്. ടിയാൾക്ക് 10 വർഷത്തോളമായ ദീർഘകാല സേവനമുണ്ടെന്നും Scout Training, I.T Training, Noon Meal Scheme എന്നിവയിലും അപേക്ഷകയ്ക്ക് സേവനമുണ്ടെന്നും കൂടാതെ വയസ്സ് അധികരിച്ചിരിക്കുന്നതിനാൽ സിസ്റ്റർ ജിബി ജോണിനു ഇനി മറ്റൊരു ജോലി ലഭിക്കാനുള്ള സാഹചര്യം ഇല്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്

4. പ്രസ്തുത സാഹചര്യത്തിൽ ഒരു മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഇതൊരു കീഴ്വഴക്കമാക്കില്ല എന്ന വ്യവസ്ഥയിലും ഇപ്രകാരം നൽകുന്ന ഇളവ് ടിയാൾക്ക് മാത്രമായി നിജപ്പെടുത്തി, മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ L.G. ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ 01.06.2018 മുതലുള്ള നിയമന അംഗീകാരത്തിനായി ടിയാൾക്കു മറ്റു വിധത്തിൽ യോഗ്യത ഉണ്ടെങ്കിൽ, KER ചാപ്റ്റർ XIV A റൂൾ 1 (2)-ൽ ഇളവ് അനുവദിച്ചു കൊണ്ട് ഒരു മാസത്തിൽ താഴെയുള്ള വയസ്സിളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M MOHAMMED HANISH

PRINCIPAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോട്ടയം അതിരൂപത

ഹെഡ്മാസ്റ്റർ, സെന്റ് തോമസ് എച്ച്.എസ്, മരങ്ങാട്ടുപള്ളി, പാലാ, കോട്ടയം

ശ്രീ.ടി.യു. ജോൺ, തച്ചാറുകുഴിയിൽ, പന്നിയാങ്കര പി.ഒ, പാലക്കാട്

സിസ്റ്റർ.ജിബി ജോൺ, സെന്റ് തോമസ് എച്ച്.എസ്, മരങ്ങാട്ടുപള്ളി, പാലാ, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം : 1323 )

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Mini.t.r.
Date: 23-01-2023 09:58:45
സെക്ഷൻ ഓഫീസർ

GEDN-SC2/245/2022-G.EDN

6883927/2023/G.EDN

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-01-2023

ഫയൽ നം. എസ്.സി.2/245/2022/പൊ.വി.വ. ഇനം നം: 1323

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്.എസ്.-ലെ എൽ.ജി. ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ നിയമന അംഗീകാരത്തിനായി വയസ്സിളവ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

19/1/21

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

# GOVERNMENT OF KERALA
## (Sri.PINARAYI VIJAYAN MINISTRY)

### Note for Council of Ministers

| | |
|---|---|
| 1. File No. | SC2/245/2022/G.EDN |
| 2. Department | GENERAL EDUCATION (SC) DEPARTMENT. |
| 3. Subject | Granting of Age Relaxation to Sister Jibi John for LG FT Hindi Teacher, St. Thomas, H.S, Marangattupally, Kottayam for approval of appointment. |
| 4. Date of Chief Minister's order for placing before the Council | 03-01-2023 |
| 5. Does the case involve financial commitment/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | No (Existing post)<br><br>No |
| 6. Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. Name of Joint Secretary who submitted the Draft Note | Sri. Mohamad Haneefa M M |
| 8. Name of Principal Secretary who approved the Draft Note | Shri. A.P.M.Mohammed Hanish |
| 9. Date of approval of the Draft Note for the Council by the Principal Secretary | 10-01-2023 |
| 10. Name of Chief Secretary who approved the Draft Note | Dr V P Joy |
| 11. Date of approval of the Draft Note for the Council by the Chief Secretary | 11-01-2023 |
| 12. Name of Minister who approved the Draft Note | Sri.V .Sivankutty |
| 13. Date of approval of the Draft Note for the Council by the Minister. | 16-01-2023 |
| 14. Date of submission of fair copies | 17-01-2023 |
| 15. Date of decision by the Council of Ministers | |
| 16. Number and date of the Government Order/letter communicating the decision. | |

# Notes for Council of Ministers

This note relates to the proposal for age relaxation of Sister Jibi John, for the approval of her appointment as LG Hindi Full Time Teacher in St. Thomas High School, Marangattupally, from 01.06.2018

2. In the representation submitted by Sri. T.U John, Thacharukuzhiyil, Panniyankara, Palakkad, it is stated that his daughter, Sister Jibi John was serving as LG Hindi FT teacher on temporary basis in various schools under Corporate Educational Agency Pala from 2012 to 2018 March that, her appointment on temporary basis was approved and salary was disbursed to her. Later, she got regular appoinment in St. Thomas High School, Marangattupally, a school coming under DEO Pala with effect from 01.06.2018 and her appointment was not approved as her age at the time of appointment was 40 Years and 19 Days. Since she has been working in the school for the last 5 years from 2018-19, without any reward and the age limit for applying for another job has exceeded, Sri. T.U.John has requested to grant relaxation of age for his daughter's appointment in the school.

3. Sister Jibi John, who has been working in various schools under Corporate Educational Agency Pala since the academic year 2012-13, crossed the upper age limit prescribed in KER by 19 days at the time of her regular appointment from 01.06.2018. Her date of birth is 13.12.1977. Examining the case, it is found that she had more than 10 years of academic service and service in Scout Training, IT Training, Noon Meal Scheme and moreover, she is not in a position to get another job as she has crossed the upper age limit.

4. In the above circumstances, When the file was circulated to the Hon'ble Chief Minister for orders for placing the subject of granting relaxation of age for 19 days to Sister Jibi John before the Council of Ministers for the approval of appointment as LG Hindi FT from 01.06.2018 in St. Thomas High School, Marangattupally on humanitarian ground by relaxing the Rule 1 (2) Chapter XIV(A) KERs , provided she is otherwise eligible for the appointment and that it does not set a precedent and that the relief so granted is limited to the applicant alone, the Hon'ble Chief Minister has ordered to place the matter before Council of Ministers for consideration.

**Points for Decision**

Whether Sister Jibi John may be granted age relaxation of 19 days for the approval of her appointment as LG Hindi FT from 01.06.2018 in St. Thomas High School, Marangattupally on humanitarian grounds by relaxing the Rule 1 (2) Chapter XIV(A) KERs, provided she is otherwise eligible for the appointment and that it does not set a precedent and that the relief so granted is limited to the applicant alone ?

1323

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ. | എസ്.സി2/245/2022/പൊ.വി.വ |
| 2. വകുപ്പ് | പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ് |
| 3. വിഷയം | കോട്ടയം മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്.എസ്-ലെ എൽ.ജി ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ നിയമന അംഗീകാരത്തിനായി വയസ്സിളവ് അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03-01-2023 |
| 5. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല (നിലവിലുള്ള തസ്തിക)<br><br>ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.മുഹമ്മദ് ഹനീഫ എം.എം |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 10-01-2023 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11-01-2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.വി. ശിവൻകുട്ടി |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16-01-2023 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17-01-2023 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം, മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ എൽ.ജി ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ 01.06.2018 മുതലുള്ള നിയമന അംഗീകാരത്തിനായി വയസ്സിളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ.ടി.യു. ജോൺ, തച്ചാറുകുഴിയിൽ, പന്നിയാങ്കര, പാലക്കാട് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ, ടിയാളുടെ മകൾ സിസ്റ്റർ ജിബി ജോൺ 2012 മുതൽ 2018 മാർച്ച് മാസം വരെ പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ എൽ.ജി. എഫ്.ടി ഹിന്ദി അധ്യാപികയായി താൽകാലികമായി ജോലി നോക്കുകയും നിയമനം അംഗീകരിക്കുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് എന്നും. 01.06.2018 ൽ പാലാ ഡി.ഇ.ഒ യുടെ കീഴിലുള്ള മരങ്ങാട്ടുപ്പള്ളി സെന്റ് തോമസ് ഹൈസ്കൂളിൽ സ്ഥിരനിയമനം ലഭിച്ചപ്പോൾ 40 വയസ്സും 19 ദിവസവും പൂർത്തിയായതിനാൽ നിയമനാംഗീകാരം ലഭിച്ചില്ല എന്നും 2018-19 മുതൽ തുടർച്ചയായി 5 വർഷം യാതൊരു വേതനവും കൈപറ്റാതെയാണ് പ്രസ്തുത സ്കൂളിൽ സേവനം അനുഷ്ഠിച്ചുവരുന്നതെന്നും മറ്റൊരു ജോലിക്ക് അപേക്ഷിക്കാനുള്ള വയസ് അധികരിച്ചിരിക്കുന്നതിനാൽ പ്രായപരിധിയിൽ ഇളവ് അനുവദിച്ച് മകളുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്

3. 2012-13 അധ്യയന വർഷം മുതൽ പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ജോലി നോക്കി വരുന്ന സിസ്റ്റർ ജിബി ജോണിന് നിയമന അംഗീകാരം നൽകേണ്ട തീയതിയായ 01.06.2018 ൽ ടിയാൾക്ക് KER ൽ നിഷ്കർഷിച്ചിട്ടുള്ള നിയമനത്തിനുള്ള പ്രായപരിധിയിൽ 19 ദിവസം അധികരിച്ചിരിക്കുന്നതായി കാണുന്നു. ടിയാരിയുടെ ജനനത്തീയതി 13.12.1977 ആണ്. ടിയാൾക്ക് 10 വർഷത്തോളമായ ദീർഘകാല സേവനമുണ്ടെന്നും Scout Training, I.T Training, Noon Meal Scheme എന്നിവയിലും അപേക്ഷകയ്ക്ക് സേവനമുണ്ടെന്നും കൂടാതെ വയസ്സ് അധികരിച്ചിരിക്കുന്നതിനാൽ സിസ്റ്റർ ജിബി ജോണിനു ഇനി മറ്റൊരു ജോലി ലഭിക്കാനുള്ള സാഹചര്യം ഇല്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്

4. പ്രസ്തുത സാഹചര്യത്തിൽ ഒരു മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഇതൊരു കീഴ്വഴക്കമാക്കില്ല എന്ന വ്യവസ്ഥയിലും ഇപ്രകാരം നൽകുന്ന ഇളവ് ടിയാൾക്ക് മാത്രമായി നിജപ്പെടുത്തി, മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ L.G. ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ 01.06.2018 മുതലുള്ള നിയമന അംഗീകാരത്തിനായി ടിയാൾക്ക് മറ്റു വിധത്തിൽ യോഗ്യത ഉണ്ടെങ്കിൽ, KER ചാപ്റ്റർ XIV A റൂൾ 1 (2)-ൽ ഇളവ് അനുവദിച്ചു കൊണ്ട് ഒരു മാസത്തിൽ താഴെയുള്ള (19 ദിവസത്തെ) വയസ്സിളവ് അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി

സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാക്കുകയുണ്ടായി

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഒരു മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഇതൊരു കീഴ്വഴക്കമാക്കില്ല എന്ന വ്യവസ്ഥയിലും ഇപ്രകാരം നൽകുന്ന ഇളവ് അപേക്ഷകർക്ക് മാത്രമായി നിജപ്പെടുത്തിയും മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ L.G. ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ ജിബി ജോണിന്റെ 01.06.2018 മുതലുള്ള നിയമന അംഗീകാരത്തിനായി, ടിയാൾക്ക് മറ്റ് വിധത്തിൽ യോഗ്യത ഉണ്ടെങ്കിൽ, KER ചാപ്റ്റർ XIV A റൂൾ 1 (2)-ൽ ഇളവ് അനുവദിച്ചു കൊണ്ട് ഒരു മാസത്തിൽ താഴെയുള്ള (19 ദിവസത്തെ) വയസ്സിളവ് അനുവദിക്കാവുന്നതാണോ ?